# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1889 — 05.10.2016-ൽ മറുപടിയ്ക്ക്

## അവശ കലാകാരന്മാർക്ക് ക്ഷേമപെൻഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ബി. ഗണേഷ് കുമാർ: | **ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് അവശ കലാകാരന്മാർക്ക് അനുവദിച്ചിട്ടുള്ള ക്ഷേമ പെൻഷൻ മുടക്കം കൂടാതെ ലഭ്യമാകുന്നുണ്ടോ; | (എ) സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖേന നൽകി വരുന്ന കലാകാര പെൻഷൻ 2016 സെപ്റ്റംബർ മാസം വരെ മുടക്കം കൂടാതെ നൽകിയിട്ടുണ്ട്. |
| (ബി) സർക്കാർ അംഗീകരിച്ചിട്ടുള്ള അവശ കലാകാരന്മാരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചില പരമ്പരാഗത കലാകാരന്മാരെക്കൂടി ഉൾപ്പെടുത്താനായി എന്തെങ്കിലും നടപടിയുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ മന്ത്രി പടയണി, തെയ്യം, മേള പ്രമാണിമാർ തുടങ്ങിയ കലാകാരന്മാർക്ക് കലാകാര പെൻഷൻ അനുവദിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിരുന്നു. നിലവിലെ ചട്ടത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത മേള പ്രമാണിമാർക്ക് കലാകാര പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**